നമ്പർ : ICPS 2/030894/2014

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം 27/05/2017

# സർക്കുലർ

വിഷയം : സാമൂഹ്യ നീതി വകുപ്പ്, ഐ.സി.പി.എസ്:- സാമൂഹ്യ നീതി വകുപ്പിനു കീഴിലുള്ള ജെ. ജെ സ്ഥാപനങ്ങളിൽ സി.സി.റ്റി.വി ക്യാമറകൾ അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നത് സംബന്ധിച്ച്.

പരാമർശം : 29.03.2017-ലെ ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നമ്പർ 43.

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ കുറയ്ക്കുന്നതിനും, കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ജെ.ജെ സ്ഥാപനങ്ങളിൽ സി.സി.റ്റി.വി ക്യാമറകൾ സ്ഥാപിക്കണമെന്ന് കേന്ദ്രസർക്കാർ നിഷ്കർശിക്കുന്നു. ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം ചൈൽഡ് കെയർ സ്ഥാപനങ്ങളിൽ സി.സി.റ്റി.വി ക്യാമറകൾ അനുബന്ധ ഉപകരാണങ്ങൾ എന്നിവ സ്റ്റോർ പർച്ചേസ് റൂൾ പ്രകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ അനുമതി നൽകിയിരുന്നു. ഈ സാഹചര്യത്തിൽ സാമൂഹ്യ നീതി വകുപ്പിനു കീഴിലുള്ള ഗവ ചിൽഡ്രൻസ് ഹോമുകളിലും ഗവ ഒബ്സർവേഷൻ ഹോമുകളിലും സി.സി.റ്റി.വി ക്യാമറകളും, അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനായി സ്റ്റോർ പർച്ചേസ് റൂൾ പ്രകാരം ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിച്ച് ലഭ്യമായ ക്വട്ടേഷനുകൾ/ടെണ്ടറുകൾ അംഗീകാരത്തിനായി എത്രയും വേഗം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

1. എല്ലാ ചിൽഡ്രൻസ്/സ്പെഷ്യൽ ഹോം സൂപ്രണ്ടുമാർക്കും
   എല്ലാ ഒബ്സർവേഷൻ ഹോം സൂപ്രണ്ടുമാർക്കും
2. ഐ.സി.പി.എസ്-4
3. സ്റ്റോക്ക് ഫയൽ